**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1610** **08-02-2023 - ൽ മറുപടിയ്ക്ക്**

**കൃഷി പഠനത്തിനായി വിദേശ പര്യടനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ കർഷകരെ ആധുനിക കൃഷി രീതികൾ പഠിപ്പിക്കുന്നതിനായി വകുപ്പ് മന്ത്രി ഉൾപ്പെടുന്ന സംഘം വിദേശ പര്യടനം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (എ) | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആദായകരമായി കൃഷി ചെയ്യുന്ന വിദേശരാജ്യങ്ങളിലെയും ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളിലെയും കൃഷിയിടങ്ങൾ സന്ദർശിച്ച് 'ബെസ്റ്റ് പ്രാക്ടീസസ് ഇൻ അഗ്രിക്കൾച്ചർ' മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ കർഷകർക്ക് അവസരമൊരുക്കുന്ന പദ്ധതിയ്ക്കായി 2 കോടി രൂപ 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളതും അതിൻ പ്രകാരം കർഷകരുടെ പഠന സന്ദർശന യാത്രകൾക്ക് അനുമതി നൽകിക്കൊണ്ട് സ.ഉ(സാധാ)നം.124/2023/കൃഷി തീയതി 06.02.2023 ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (ബി) | എവിടെല്ലാം സന്ദർശിക്കുന്നതിനാണ് നിലവിൽ പദ്ധതി ഇട്ടിട്ടുള്ളതെന്നും പര്യടനത്തിൽ ആരൊക്കെയാണ് മന്ത്രിയെ അനുഗമിക്കുന്നതെന്നും ഉദ്യോഗസ്ഥർ അടക്കം ആകെ എത്ര പേർ അടങ്ങുന്ന സംഘമാണ് വിദേശ പര്യടനം നടത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യ പടിയായി കേരളത്തിൽ നിന്നും പരമാവധി 29 കർഷകരെ ഉൾപ്പെടുത്തി ഇസ്രായേലിലേയ്ക്ക് ഒരു പഠന സന്ദർശനം നടത്താൻ സ.ഉ(സാധാ)നം.124/2023/ കൃഷി തീയതി 06.02.2023 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഇസ്രായേൽ സന്ദർശനത്തിന് തെരഞ്ഞെടുത്തിട്ടുള്ള കർഷകരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. പഠനയാത്രയിൽ കാർഷികോല്പാദന കമ്മീഷണർ സംഘത്തെ നയിക്കും. ഇതിൽ മന്ത്രി പങ്കെടുക്കുന്നില്ല. |
| (സി) | എന്തൊക്കെ കൃഷി രീതികൾ പഠിക്കുന്നതിനാണ് സംഘം ആലോചിക്കുന്നതെന്ന് അറിയിക്കുമോ; സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് സമാനമായ കാലാവസ്ഥയുള്ള സ്ഥലങ്ങളാണോ സംഘം സന്ദർശിക്കുന്നതെന്നും വ്യത്യസ്തമായ കാലാവസ്ഥയിലെ കൃഷി രീതികൾ ഇവിടെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോയെന്നും വിശദമാക്കാമോ; | (സി) | **ആധുനിക കാർഷിക സാങ്കേതിക വിദ്യകളായ ഹൈടെക് പ്രിസിഷൻ ഫാമിംഗ്, ഹൈഡ്രോപോണിക്സ്, പോളിഹൗസ് ഫാമിംഗ്, വെർട്ടിക്കൽ ഫാമിംഗ് മൈക്രോ/പ്രിസിഷൻ ഇറിഗേഷൻ, മൈക്രോ ഫെർട്ടിഗേഷൻ, പോളി ഹൗസ് ബേസ്ഡ് ഫാമിംഗ്, ടിഷ്യൂ കൾച്ചർ ടെക്നോളജി, ബയോടെക്നോളജി, വിപണന സാങ്കേതികവിദ്യ ബയോ ഫ്യൂവൽ റവല്യൂഷൻ, ഹോർട്ടികൾച്ചർ, ബയോ കൺട്രോൾ ടെക്നോളജി** |

| | | | |
|---|---|---|---|
| | | | **തുടങ്ങിയവ ഉൾപ്പെടെയുള്ള സങ്കേതങ്ങളും രീതികളും പരിചയപ്പെടുന്നതിനും പഠിക്കുന്നതിനും ഈ സന്ദർശനത്തിലൂടെ കർഷകർക്ക് അവസരം ലഭ്യമാകുന്നു. പരമാവധി ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിനായി ലോകമെമ്പാടും പരീക്ഷിക്കപ്പെടുകയും, സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള വിജയകരമായ സാങ്കേതിക വിദ്യകളാണ് ഇസ്രായേലിന്റെ പക്കലുള്ളത്. ഇസ്രായേൽ കാർഷിക സാങ്കേതികവിദ്യകൾ അടുത്തറിയുന്നതിനും സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുസൃതമായി പ്രസ്തുത കാർഷിക രീതികൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഇസ്രായേൽ സന്ദർശനം കൊണ്ട് ഉദ്ദേശിക്കുന്നത്. .** |
| (ഡി) | പ്രസ്തുത സന്ദർശനത്തിനായി സർക്കാർ ഖജനാവിൽ നിന്നും ആകെ എത്ര രൂപ ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | **വിദേശരാജ്യങ്ങളിലെയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെയും കൃഷി രീതികൾ കർഷകർക്ക് നേരിട്ട് മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ആയി ദേശീയ അന്തർദേശീയ തലങ്ങളിൽ പഠനയാത്രകൾ സംഘടിപ്പിക്കുന്നതിന് 200 ലക്ഷം രൂപ 2022 - 23 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന നിർദ്ദിഷ്ട ഇസ്രായേൽ സന്ദർശന സംഘത്തിന് 99 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. വിമാനയാത്രച്ചെലവ് സ്വന്തമായി വഹിക്കാൻ തയ്യാറായ കർഷകരേയും സംഘത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ഇ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത വിദേശ പര്യടനം സർക്കാരിനെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) | ഇല്ല. ദേശീയ അന്തർദേശീയ തലങ്ങളിൽ പഠനയാത്രകൾ സംഘടിപ്പിക്കുന്നതിന് 200 ലക്ഷം രൂപ 2022-2023 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# Annexure

## International Agricultural Technology & Exposure Tour of farmers to Israel

## List of Selected Farmers

| Sl No | Name of Farmer | Smart Id | Application no | Krishi Bhavan | DISTRICT |
|---|---|---|---|---|---|
| 1 | SUJITH S P | 1210639 | 2022010000510 | Kanjikkuzhy | ALAPPUZHA |
| 2 | GNANA SARAVANAN | 4259049 | 2022010000341 | Perumatti | PALAKKAD |
| 3 | MATHEWKUTTY TOM | 4225030 | 2022010000206 | Marangattupally | KOTTAYAM |
| 4 | JOPU JOHN | 4259686 | 2022010000402 | Karuvarakundu | MALAPPURAM |
| 5 | JAYARAM KALLIDUKKIL | 246764 | 202310000729 | Pampakuda | ERNAKULAM |
| 6 | MUJEEB CHEMMIKKAT | 4260447 | 2022010000461 | Thavinhal | WAYNAD |
| 7 | JOBY DAVID K | 4259729 | 2022010000607 | Ealavally | THRISSUR |
| 8 | AJAYAKUMAR K P | 57513 | 2022010000462 | Mayyil | KANNUR |
| 9 | ARUN MOHAN | 63457 | 2022010000489 | Chathamangalam | KOZHIKODE |
| 10 | SREEVIDYA M | 115414 | 2022010000189 | Bedadka | KASARAGOD |
| 11 | HEPSIBA K | 1856213 | 2022010000579 | Aryancode | THIRUVANANTHAPUR |
| 12 | SUNILKUMAR M S | 344097 | 2022010000364 | Aranmula | PATHANAMTHITTA |
| 13 | KIRAN K | 236074 | 2022010000374 | Elapully | PALAKKAD |
| 14 | RESMI MATHEW | 115132 | 202310000732 | Marangattupally | KOTTAYAM |
| 15 | STANLY JOSEPH | 14480 | 2022010000227 | Kanichar | KANNUR |
| 16 | ABDUSSAMED K T | 89361 | 2022010000307 | Keezhuparamba | MALAPPURAM |
| 17 | DON THOMAS | 4259706 | 2022010000643 | Kodenchery | KOZHIKODE |
| 18 | ADITYA DAS | 293544 | 2022010000606 | Vaniyamkulam | PALAKKAD |
| 19 | ABIEN K RAJ | 405092 | 2022010000681 | Pampady | KOTTAYAM |
| 20 | RAJANARAYANAN | 56584 | 2022010000485 | Thiruvilwamala | THRISSUR |

## Waiting List

| Sl No | Name of Farmer | Smart Id | Application no | Krishi Bhavan | DISTRICT |
|---|---|---|---|---|---|
| 1 | HARIKRISHNA | 4261405 | 2022010000518 | Atholi | KOZHIKODE |
| 2 | SAIFULLA | 46038 | 2022010000445 | Makkarapparamba | MALAPPURAM |
| 3 | BIJU KURIAN | 3658928 | 2022010000288 | Payam | KANNUR |
| 4 | SIBIN MOHAMMED MOOSA | 4260385 | 2022010000574 | Kozhinjampara | PALAKKAD |
| 5 | ROBERT THOTTUPURAM | 4261261 | 2022010000537 | Velloor | KOTTAYAM |
| 6 | SHAJI A | 382982 | 2022010000525 | Muthalamada | PALAKKAD |
| 7 | LIJO JOHN | 4260115 | 2022010000372 | Sholayur | PALAKKAD |
| 8 | BIJU | 166623 | 2022010000280 | Elapully | PALAKKAD |
| 9 | JUSTIN JOHN | 4186133 | 2022010000234 | Puduppariyaram | PALAKKAD |
| 10 | JINU A | 195184 | 2022010000299 | Mathur | PALAKKAD |